പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3540 | 22/08/2017 ൽ മറുപടിക്ക് |
|---|---|

## ഒക്ക്യുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ നിയമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സമ്പൂർണ മാനസിക ആരോഗ്യ പദ്ധതിയിലെ എത്ര പകൽ വീടുകളിൽ ഒക്ക്യുപേഷനൽ തെറാപ്പി ബിരുദം ഉള്ളവരെ നിയമിച്ചിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | സമ്പൂർണ മാനസിക ആരോഗ്യ പദ്ധതിയിൽ ഒക്ക്യുപേഷനൽ തെറാപ്പിസ്റ്റിന്റെ അഭാവത്തിൽ സോഷ്യൽ വർക്കർ എന്ന തസ്തികയിൽ ആളെ നിയമിക്കുന്നതിനു പകരം ഒക്ക്യുപേഷനൽ തെറാപ്പിസ്റ്റിന്റെ യോഗ്യതയിൽ എം എസ് ഡബ്ല്യു ഉൾപ്പെടുത്തിയിട്ടുള്ള നടപടി ശരിയാണോ; പ്രസ്തുത യോഗ്യത പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ബി) | സമഗ്ര മാനസികാരോഗ്യ പദ്ധതിയിൻ കീഴിൽ പകൽ വീടുകളിൽ പ്രോജക്ട് ഓഫീസർ തസ്തികയാണ് നിലവിലുള്ളത്. ക്ലറിക്കൽ വർക്ക്, ലയ്സൺവർക്ക്, ഹൗസ് വിസിറ്റുകൾ, മാനസികാരോഗ്യ ബോധവൽക്കരണക്ലാസുകൾ, രോഗികൾക്കും പരിചാരകർക്കും ഉള്ള സൈക്കോ എഡ്യൂക്കേഷൻ തുടങ്ങിയ ജോലികളാണ് പ്രോജക്ട് ഓഫീസറുടെ ചുമതലകൾ. എം.എസ്.ഡബ്ല്യു. യോഗ്യതയാണ് ഇതിനു അനുയോജ്യമായിട്ടുള്ളത്. ഒക്ക്യുപേഷനൽ തെറാപ്പിസ്റ്റ് തസ്തിക ഈ പദ്ധതിയിൻ കീഴിൽ നിലവിലില്ല. |
| സി) | പകൽ വീടുകളിൽ ഒക്ക്യുപേഷനൽ തെറാപ്പി അസ്സിസ്റ്റൻസ് (ടൈലർ/ക്രാഫ്റ്റ് ഇൻസ്ട്രക്ടർ/ബൈൻഡർ) എന്നീ തസ്തികകൾ ഉൾപ്പെടുത്താതെ 3 സ്റ്റാഫ് നേഴ്സ്, 3 ക്ലീനിങ് സൂപ്പർവൈസർ എന്നി തസ്തികകൾ ഉൾപ്പെടുത്തിയതിന്റെ ആവശ്യകത | സി) | പകൽ വീടുകളിൽ ഒക്ക്യുപേഷനൽ തെറാപ്പി അസ്സിസ്റ്റൻസ് (ടൈലർ/ക്രാഫ്റ്റ് ഇൻസ്ട്രക്ടർ /ബൈൻഡർ) എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കാനുള്ള പ്രത്യേക ഫണ്ട് 2016 2017 സാമ്പത്തിക വർഷം മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാനസികരോഗ ചികിത്സയി |

| | | | |
|---|---|---|---|
| | എന്താണ്;പ്രസ്തുത സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; പുനരധിവാസത്തിന്റെ ഭാഗമായ ക്ലിനിക്കൽസൈക്കോളജിസ്റ്റ് ,സൈക്കാട്രിക് സോഷ്യൽ വർക്കർ എന്നിവരുടെ തസ്തികകൾ എന്തുകൊണ്ട് ഉൾപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമാക്കുമോ; | | ലിരിക്കുന്നവരുടെ പകൽ വീടായതിനാൽ അവർക്ക് മാനസിക രോഗ ഔഷധങ്ങൾ നൽകുന്നതിനും പരിചരിക്കുന്നതിനും സ്റ്റാഫ് നേഴ്സിന്റെ സേവനം അത്യന്താപേക്ഷിതമാണ്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ കീഴിലാണ് പകൽവീടുകൾ പ്രവർത്തിക്കുന്നത്. എന്നതിനാൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റേയും സൈക്യാട്രിക് സോഷ്യൽ വർക്കറിന്റേയും സേവനം ലഭ്യമാണ്. |
| ഡി) | പകൽ വീടുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള മാനദണ്ഡം എന്താണ്; എല്ലാ പകൽ വീടുകളുടെയും സുഗമമായ നടത്തിപ്പിന് ആവശ്യമായ ഫണ്ട് ഗവണ്മെൻറ് വകയിരുത്തിയിട്ടുണ്ടോ? | ഡി) | പകൽ വീടുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നുണ്ട്. ഓരോ പകൽ വീടിന്റേയും പ്രവർത്തന ആവലോകന റിപ്പോർട്ടുകൾ അതാത് ജില്ലകളിലെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് മാസം തോറും അയയ്ക്കുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ആരോഗ്യവകുപ്പിന്റെ മാസം തോറുമുള്ള പ്രോഗ്രാം ഓഫീസർ കോൺഫറൻസിൽ പകൽ വീടുകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നുണ്ട്. എല്ലാ പകൽ വീടിന്റേയും സുഗമമായ നടത്തിപ്പിന് ആവശ്യമായ ഫണ്ട് സർക്കാർ വകയിരുത്തിയിട്ടുണ്ട്. |
| ഇ) | കേരളത്തിലെ 3 മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്യുപേഷനൽ തെറാപ്പിസ്റ്റിന്റെ പുതിയ തസ്തികകൾ (തൃശ്ശൂർ 2, | ഇ) | ഇങ്ങനൊരു പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | കോഴിക്കോട് 2, തിരുവനന്തപുരം 3) സൃഷ്ടിക്കുന്നതിനുള്ള പ്രൊപോസലിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ